**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3287** **26-06-2024 - ൽ മറുപടിയ്ക്ക്**

**സ്കൂളുകളിൽ ഉച്ചഭക്ഷണത്തിന് നൽകുന്ന വിഹിതം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. കെ. ബഷീർ** | | **ശ്രീ വി ശിവൻകുട്ടി (പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥനത്തെ സ്കൂളുകളിൽ ഉച്ചഭക്ഷണത്തിനായി നിലവിൽ നൽകുന്ന വിഹിതം പര്യാപ്തമല്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഉത്തരവ് (സാധാ) നം. 3676/2024/പൊ.വി.വ തീയതി. 07.06.2024 പ്രകാരം സ്കൂളുകൾക്ക് നൽകുന്ന തുക പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | ഉച്ചഭക്ഷണ പദ്ധതിയിലെ കേന്ദ്ര വിഹിതവും സംസ്ഥാന വിഹിതവും എത്ര വീതമാണെന്ന് അറിയിക്കുമോ; | (ബി) | കേന്ദ്ര നോംസ് പ്രകാരം നിശ്ചയിക്കപ്പെടുന്ന പദ്ധതി അടങ്കലിന്റെ 60 ശതമാനം കേന്ദ്ര വിഹിതവും 40 ശതമാനം സംസ്ഥാന മാൻഡേറ്ററി വിഹിതവുമാണ്. |
| (സി) | ഉച്ചഭക്ഷണത്തിനായി ഒരു കുട്ടിക്ക് എത്ര രൂപ എന്ന നിരക്കിലാണ് തുക അനുവദിച്ചിരിക്കുന്നത്; ആയത് വർധിപ്പിച്ചു നൽകിയിട്ടുണ്ടോ; എത്ര രൂപയായിട്ടാണ് വർധിപ്പിച്ചതെന്ന് വിശദമാക്കുമോ; | (സി) | 500 ൽ കൂടുതൽ കുട്ടികൾ പഠിക്കുന്ന സ്കൂൾ, 151 മുതൽ 500 വരെ കുട്ടികൾ പഠിക്കുന്ന സ്കൂൾ, 150 വരെ കുട്ടികൾ പഠിക്കുന്ന സ്കൂൾ എന്നിവിടങ്ങളില ഒരു കുട്ടിക്ക് പ്രതിദിനം യഥാക്രമം 6, 7, 8 രൂപ എന്നീ നിരക്കുകളിലാണ് തുക അനുവദിച്ചിരുന്നത്. ഇപ്രകാരം അനുവദിച്ചിരുന്ന തുകയിൽ നിന്ന് സപ്ലിമെന്ററി ന്യൂട്രീഷനുള്ള (പാൽ, മുട്ട എന്നിവ നൽകുന്നതിനുള്ള പദ്ധതി) ചെലവുകളും നടത്തിയിരുന്നു. എന്നാൽ സപ്ലിമെന്ററി ന്യൂട്രീഷൻ ഒഴികെയുള്ള ചെലവുകൾക്ക്, അതായത് ഉച്ചഭക്ഷണം നൽകുന്നതിന് മാത്രമായി, കുട്ടിയൊന്നിന് പ്രതിദിനം 6 രൂപ (പ്രൈമറി വിഭാഗം), 8.17 രൂപ (അപ്പർ പ്രൈമറി വിഭാഗം) എന്നിങ്ങനെ 07.06.2024 തീയതിയിലെ സർക്കാർ ഉത്തരവ് (സാധാ) നം.3676/2024/പൊ.വി.വ പ്രകാരം നിരക്കുകൾ പരിഷ്കരിച്ചിട്ടുണ്ട്. |
| (ഡി) | കേന്ദ്ര പദ്ധതി പ്രകാരം നല്കേണ്ട ഭക്ഷണ ഇനങ്ങൾ കൂടാതെ ഒരു ആഴ്ചയിൽ എന്തെല്ലാം ഭക്ഷണങ്ങളാണ് കുട്ടികൾക്ക് നല്കാൻ നിർദേശം നല്കിയിരിക്കുന്നത്; ഇതിനായി പ്രത്യേകം ഫണ്ട് കൂടുതലായി അനുവദിച്ചു നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഈ തുക ഏത് രീതിയിൽ കണ്ടെത്താനാണ് നിർദ്ദേശം നൽകിയത് വ്യക്തമാക്കുമോ; | (ഡി) | കുട്ടികൾക്ക് ആഴ്ചയിൽ 2 ദിവസം പാലും (150 ml വീതം) ഒരു ദിവസം മുട്ട/ഏത്തപ്പഴം എന്നിവയും സപ്ലിമെന്ററി ന്യൂട്രീഷന്റെ ഭാഗമായി നൽകിവരുന്നു. ഇത് ഉൾപ്പെടെയുള്ള ചിലവുകൾക്കായി 232.14 കോടി രൂപ സംസ്ഥാന ബജറ്റിൽ നീക്കിവച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഇ) | സ്കൂൾ ഉച്ചഭക്ഷണ പദ്ധതി പ്രകാരം ഭക്ഷണം നൽകിയ ഇനത്തിൽ പൊതു വിദ്യാലയങ്ങളിലെ പ്രഥമ അധ്യാപകർക്ക് എത്ര രൂപ കുടിശ്ശിക നൽകാനുണ്ടെന്ന് വ്യക്തമാക്കുമോ; ഏത് കാലയളവിലെ തുകയാണ് കുടിശ്ശിക ആയിട്ടുള്ളത്; ആയത് നൽകുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കുമോ? | (ഇ) | സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ ഭാഗമായി 2023-24 അദ്ധ്യയന വർഷം വരെ സ്കൂളുകൾക്ക് കുടിശ്ശികകൾ ഒന്നും തന്നെ വിതരണം ചെയ്യുന്നതിനായി നിലവിൽ ഇല്ല. എന്നാൽ ഇത്തരത്തിൽ അനുവദിച്ചിരുന്ന തുക സമയബന്ധിതമായി സ്കൂളുകൾ പിൻവലിക്കാത്തതിനാലും മറ്റ് ചില സാങ്കേതിക പ്രശ്നങ്ങൾ കാരണവും അപൂർവ്വം ചില സ്കൂളുകൾക്ക് തുക മാറിയെടുക്കാൻ സാധിച്ചില്ല. ഇത്തരത്തിൽ തുക സാധിക്കാതിരുന്ന സ്കൂളുകളിൽ നിന്നും ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് തുക അനുവദിച്ച് വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ